ഡി) സ്ത്രീശാക്തീകരണവും വനിതാ വികസനവും ലക്ഷ്യംവച്ചു കൊണ്ടുവിവിധ സർക്കാർ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും ആഭിമുഖ്യത്തിൽ നടത്തുന്ന പരിപാടികളും പ്രവർത്തനവും വിലയിരുത്തുകയും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും കൂടുതൽ ഏകോപനം ഉണ്ടാക്കുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക.

ഇ) മറ്റു നിർദ്ദേശിക്കപ്പെട്ട ചുമതലകൾ കൈകാര്യം ചെയ്യുക.

(ഡി)

1. നിലവിലുള്ള സ്ത്രീ ശാക്തീകരണ പദ്ധതികൾ സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുക.
2. ഗാർഹിക പീഡന നിരോധന നിയമത്തിന്റെ നടത്തിപ്പിലുള്ള പോരായ്മകൾ പരിഹരിക്കുന്നതിനുവേണ്ടിയുള്ള നിർദ്ദേശങ്ങൾ ലഭ്യമാക്കുക.
3. സാമൂഹ്യക്ഷേമം, ആരോഗ്യം, വിദ്യാഭ്യാസം എന്നീ മൂന്ന് വകുപ്പുകൾ ഏകോപിപ്പിച്ചുകൊണ്ട് സ്ത്രീ ശാക്തീകരണ പദ്ധതി രൂപീകരിക്കുന്നതിനായി പ്രൊപ്പോസൽ കുടുംബശ്രീ ഡയറക്ടർവഴി ലഭ്യമാക്കുക.
4. വകുപ്പ് അദ്ധ്യക്ഷന്മാരെയും ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥന്മാരേയും വിദഗ്ധരേയും ഉൾപ്പെടുത്തി ജെൻഡർ ബോർഡിന്റെ നേതൃത്വത്തിൽ ശില്പശാല സംഘടിപ്പിക്കുക.
5. ഫ്ളാഗ്ഷിപ്പ് പ്രോഗ്രാമിലുള്ള സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാംവഴി വകുപ്പുകളിൽ പുതിയ പദ്ധതികൾ സ്ത്രീകൾക്കായി ആവിഷ്ക്കരിക്കുക.
6. ബന്ധപ്പെട്ട വികസന വകുപ്പുകൾക്ക് ഡോക്യുമെന്റേഷനുവേണ്ടി ഫണ്ട് അനുവദിക്കുക.
7. ബഡ്ജറ്റിൽ പദ്ധതി വിഹിതത്തിന്റെ ഒരു നിശ്ചിത ശതമാനം തുക സ്ത്രീശാക്തീകരണ പദ്ധതിക്കായി മാറ്റിവയ്ക്കുക.
8. ജെൻഡർ അവയർനെസ് ഓഡിറ്റിംഗ് നടത്തുക.

ജനനി സുരക്ഷായോജനവഴിയുള്ള ധനസഹായം വർദ്ധിപ്പിക്കുന്നതിന് നടപടി

73 (1801) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനനി സുരക്ഷായോജന സംസ്ഥാനത്ത് നടപ്പിലാക്കുന്നത് എങ്ങനെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ പദ്ധതി പ്രകാരം എത്ര രൂപയാണ് അനുവദിക്കുന്നത് ; എന്താണ് മാനദണ്ഡം ;

(സി) ഈ പദ്ധതിവഴി എത്ര തുക ഇതിനോടകം ചെലവഴിച്ചു ;

(ഡി) ഈ പദ്ധതിവഴി നൽകുന്ന തുക വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) സമൂഹത്തിലെ ദുർബലവിഭാഗത്തിലെ സ്ത്രീകൾക്കിടയിലെ പ്രസവം ആശുപത്രികളിൽവച്ചുതന്നെ നടക്കുന്നുവെന്ന് ഉറപ്പാക്കാൻവേണ്ടിയുള്ള കേന്ദ്ര ഗവൺമെന്റിന്റെ പദ്ധതിയാണ് ജനനി സുരക്ഷായോജന. ദേശീയ ഗ്രാമീണ ആരോഗ്യദൗത്യത്തിന്റെ ഭാഗമായി 2005 ഏപ്രിൽ മുതലാണ് ഈ പരിപാടി നടപ്പിൽവന്നുതുടങ്ങിയത്. 2008 ഫെബ്രുവരി 29-ലെ പുതുക്കിയ ഉത്തരവ് പ്രകാരം [ജി.ഒ.(പി.)നമ്പർ 59/08/എച്ച്&എഫ്.ഡബ്ല്യൂ.ഡി.] പത്തൊൻപത് വയസ്സിനുമുകളിൽ പ്രായമുള്ള ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള സ്ത്രീകൾക്കും പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട സ്ത്രീകൾക്കും (വരുമാന പരിധി ബാധകമല്ലാതെ) ആദ്യത്തെ രണ്ട് സജ്ജീവ പ്രസവങ്ങൾക്ക് താഴെപ്പറയും പ്രകാരം സാമ്പത്തിക സഹായം നൽകിവരുന്നു :

- ഗ്രാമീണമേഖലയിലുള്ള സ്ത്രീകൾക്ക് ആശുപത്രിയിൽനടക്കുന്ന പ്രസവത്തിന് 700 രൂപയും
- നഗരപ്രദേശങ്ങളിലെ സ്ത്രീകൾക്ക് ആശുപത്രിയിൽ നടക്കുന്ന പ്രസവത്തിന് 600 രൂപയും
- വീട്ടിൽവച്ചുനടക്കുന്ന പ്രസവങ്ങൾക്ക് 500 രൂപയും
- അംഗീകൃത സ്വകാര്യ ആശുപത്രിയിൽവച്ചുനടക്കുന്ന പ്രസവങ്ങൾക്കും മേൽപ്പറഞ്ഞ രീതിയിൽ ധനസഹായം ലഭിക്കുന്നതാണ്.

ബി.പി.എൽ. കാർഡുണ്ടായിരിക്കുകയോ, ബി.പി.എൽ. ലിസ്റ്റിൽ പേര് ഉൾപ്പെടുത്തിയിരിക്കുകയോ, ബി.പി.എൽ. ആണെന്ന് തെളിയിക്കുന്ന രേഖകളുണ്ടായിരിക്കുകയോ ചെയ്യുന്നവർക്ക് മേൽ വിവരിച്ച സാമ്പത്തിക സഹായം ലഭിക്കുന്നതാണ്.

(സി) 2005 മുതൽ 2010 വരെ ജനനി സുരക്ഷാ യോജന പദ്ധതിവഴി 49.89 കോടി രൂപ ചെലവഴിച്ചു.

(ഡി) പൂർണ്ണമായും കേന്ദ്ര ഗവൺമെന്റിന്റെകീഴിലുള്ള ഈ പദ്ധതിയുടെ തുക വർദ്ധിപ്പിക്കണമോയെന്ന് തീരുമാനിക്കുന്നത് കേന്ദ്ര ഗവൺമെന്റാണ്.

മാനസിക വൈകല്യമുള്ള വിദ്യാർത്ഥികളെ പരിശീലിപ്പിക്കുന്ന സ്ഥാപനങ്ങൾക്ക് സഹായം

74 (1802) പ്രൊഫ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാനസിക വൈകല്യമുള്ള വിദ്യാർത്ഥികളെ പരിശീലിപ്പിക്കുന്ന സ്ഥാപനങ്ങൾക്ക് ഏതൊക്കെ തരത്തിലുള്ള സഹായമാണ് ഇപ്പോൾ ലഭിക്കുന്നത് ;

(ബി) കേന്ദ്ര ഗവൺമെന്റിൽനിന്നും ഇത്തരം സ്ഥാപനങ്ങൾക്ക് ധനസഹായം ലഭിക്കുന്നുണ്ടോ ;

(സി) സംസ്ഥാന സർക്കാർ ഇത്തരം സ്ഥാപനങ്ങൾക്ക് എന്തൊക്കെ സഹായമാണ് നൽകുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly